"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-14-09-2021-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത്- പാവപ്പെട്ട വൃക്കരോഗികൾക്ക് സൗജന്യ ഡയാലിസിസ് ചെയ്തു കൊടുക്കുന്ന പദ്ധതിയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

G.O.(Rt)No.2067/2021/LSGD തീയതി,തിരുവനന്തപുരം, 22/10/2021

---

പരാമർശം:-

1. കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 03.08.2021 ലെ കത്ത്
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.09.2021-ൽ നടന്ന യോഗത്തിന്റെ മിനിട്ട്സ് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)
3. 14.09.2021-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.74-ാം നമ്പർ തീരുമാനം

**ഉത്തരവ്**

കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ച പാവപ്പെട്ട വൃക്കരോഗികൾക്ക് സൗജന്യമായി ഡയാലിസിസ് ചെയ്തു കൊടുക്കുന്ന പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ പെരിയ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഒരു ഡയാലിസിസ് കേന്ദ്രം ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. ഈ കേന്ദ്രത്തിന്റെ നടത്തിപ്പിനായി സൊസൈറ്റി ആക്ട് പ്രകാരം "ജീവനം ചാരിറ്റബിൾ സൊസൈറ്റി ഫോർ ഡയാലിസിസ് പേഷ്യന്റ്" എന്ന പേരിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറും ആയി ഒരു സൊസൈറ്റി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേന്ദ്രത്തിന്റെ പ്രവർത്തനത്തിന് ബ്ലോക്ക് പഞ്ചായത്ത് നോൺ റോഡ് മെയിന്റനൻസ് വിഹിതത്തിൽ നിന്ന് 15.00 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. (പ്രോ.നം 41/22). കൂടാതെ ബ്ലോക്ക് പഞ്ചായത്ത് മേഖലയിലെ 5 ഗ്രാമപഞ്ചായത്തുകൾ 5.00 ലക്ഷം രൂപ വീതം വകയിരുത്താനും ഉദ്ദേശിക്കുന്നു. സൊസൈറ്റി പെരിയ കേരള ബാങ്കിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. മുകളിൽ പറഞ്ഞ തുക ഈ അക്കൗണ്ടിലേക്ക് നിക്ഷേപിക്കാൻ അനുമതി നൽകണമെന്ന് ബ്ലോക്ക് പഞ്ചായത്ത് അഭ്യർത്ഥിക്കുകയുണ്ടായി.

2. വിഷയം പരിശോധിച്ച വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതിയുടെ പരാമർശം (3) തീരുമാന പ്രകാരം ചുവടെ പറയും വിധം ഉത്തരവാകുന്നു

i) കാസർഗോഡ് ജില്ലാ പഞ്ചായത്ത് രൂപീകരിച്ച പദ്ധതിയുടെ [സൂചന (2) മിനിട്ട്സിലെ ക്രമ നമ്പർ 4.63] മാതൃകയിൽ ഇതിന്റെ പ്രവർത്തനം ക്രമപ്പെടുത്തി മുന്നോട്ട് കൊണ്ടുപോകാൻ നിർദ്ദേശിക്കുന്നു.

ii) ആശുപത്രി ഉപകരണം വാങ്ങാനല്ലാതെ മറ്റാവശ്യത്തിന് നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാവുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Shija C G
Deputy Secretary

പ്രസിഡണ്ട്/സെക്രട്ടറി, കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത്, കാസർഗോഡ്

ജില്ലാ പ്ലാനിംഗ് ഓഫീസർ, കാസർഗോഡ്

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ)വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by Nisam N
Date: 22-10-2021 15:49:49
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു.തദ്ദേശ സ്വയംഭരണം, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്